# മതസംഘടനകളും സ്ത്രീവിമോചനവും

കെ. അജിത



**സ്ത്രീവിമോചനമെന്നതുകൊണ്ട്** പൊതുവായി ഉദ്ദേശിക്കപ്പെടുന്നത് പുരുഷമേധാവിത്വപരമായ അധികാരഘടനയിൽ നിന്നുള്ള മോചനമെന്നാണ്; നൂറ്റാണ്ടുകളായി ലിംഗപരമായ അടിമത്തമനുഭവിക്കുന്ന സ്ത്രീസമൂഹത്തിന്റെ സ്വാതന്ത്ര്യമാണ്. പെണ്ണിന്റെ ഉൽപാദനം, പ്രത്യുൽപാദനം, ലൈംഗികത എന്നിവക്കുമേൽ ആണിന്റെ പൂർണ നിയന്ത്രണമുള്ള വ്യവസ്ഥിതിയെയാണ് പുരുഷാധിപത്യമെന്ന് വിളിക്കുന്നത്. സ്ത്രീശാക്തീകരണത്തിനുള്ള വഴികൾ പലതാണ്. ആദ്യമായി സ്ത്രീകൾ സ്വന്തം അവസ്ഥ തിരിച്ചറിയുകയും നിലവിലുള്ള സ്ത്രീപുരുഷബന്ധങ്ങൾ പൊളിച്ചെഴുതേണ്ടതിന്റെ അവശ്യകത അംഗീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

ഇന്ത്യയിൽ നിലനിൽക്കുന്ന മതങ്ങളെല്ലാം  സ്ത്രീയെ പുരുഷന് കീഴ്പ്പെട്ട് ജീവിക്കേണ്ടവളായാണ് കാണുന്നത്. മതദർശനങ്ങൾക്കനുസരിച്ച് ചില ഏറ്റക്കുറച്ചിലുകളുണ്ടാകാം എന്നുമാത്രം. സംസ്കാരങ്ങളും അങ്ങനെത്തന്നെ. ‘ഹിസ്റ്ററി ഈസ് ഹിസ് സ്റ്റോറി’ എന്നല്ലേ?മനുഷ്യനെന്ന് പറഞ്ഞാലും ആളുകൾ പുരുഷൻ എന്നേ മനസ്സിലാക്കൂ. പുരുഷനും സ്ത്രീയും അടങ്ങിയതാണ് മനുഷ്യവംശം. ഏത് പ്രത്യയശാസ്ത്രവും പ്രയോഗിക്കപ്പെടുന്ന പ്രത്യേക പരിതസ്ഥിതികളെ കണക്കിലെടുക്കേണ്ടതുണ്ട്.

## വിവാഹത്തിന്റെ മാനദണ്ഡങ്ങൾ

വിവാഹിതരാകുന്നവരുടെ പരസ്പര ഇഷ്ടത്തെക്കാളേറെ സമ്പത്ത്, കുടുംബമഹിമ എല്ലാമാണിന്ന് കുടുംബജീവിതത്തിൽ പരിഗണിക്കപ്പെടുന്നത്. നമ്മുടെ സമൂഹം കുടുംബജീവിതത്തെ ഉദാത്തവത്കരിക്കുന്നവരാണ്. കുടുംബം എന്ന സ്ഥാപനത്തിൽ അടിമത്തം ഉണ്ട് എന്ന് പറഞ്ഞാൽ എല്ലാവരും എതിർക്കും. പക്ഷേ അവിടെ അസമത്വം നിലനിൽക്കുന്നുണ്ടെന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. അസമത്വം കൊണ്ടുണ്ടാകുന്ന കുടുംബജീവിതത്തിലെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കും? അതിനാരും ഉത്തരം കാണുന്നില്ല. സ്ത്രീധനം തന്നെ ഉദാഹരണം. സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾ പീഡിപ്പിക്കപ്പെടുന്നത്, സ്ത്രീകൾക്ക് നേരെയുള്ള പല തരത്തിലുള്ള വിവേചനങ്ങൾ അത് എങ്ങനെ ഇല്ലാതാക്കാം..... ഇതിനൊന്നും ആരും ഉത്തരം നൽകുന്നില്ല. ഏത് വിഭാഗത്തിൽപ്പെട്ട സ്ത്രീകളാണെങ്കിലും ഈ പ്രശ്ന

ങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ജാതീയമായാലും സാമ്പത്തികമായാലും സ്ത്രീ അനുഭവിക്കുന്ന പ്രശ്നങ്ങൾ മാറുന്നില്ല. അതിന് ഒരു പരിഹാരം കാണാതെ വിവാഹം നിരാകരിക്കുക, കുടുംബജീവിതം നിരാകരിക്കുക എന്നൊക്കെ പറയുന്നത് റാഡിക്കൽ ഫെമിനിസമാണ്. 'രണ്ടുപേർക്ക് ഒരുമിച്ച് ജീവിക്കണമെന്നുണ്ടെങ്കിൽ രജിസ്ട്രാർ മുമ്പാകെ ഒപ്പുവെക്കണം, അല്ലെങ്കിൽ മാലയിടണം എന്നതൊക്കെ നിർബന്ധമാക്കുന്നത് എന്തിനാണ്? ഒരു പരസ്പര ധാരണയോടെ ഒന്നിച്ചു ജീവിക്കുക, ഒത്തുപോകുന്നില്ലെങ്കിൽ പിരിയുക' – ആ ഒരു സ്വാതന്ത്ര്യമാണ് സ്ത്രീക്ക് വേണ്ടത് എന്ന ചിന്താഗതിയാണ് നിലവിലെ പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കാത്തതിനാൽ ഉയർന്നുവരുന്നത്. സാധാരണക്കാരായ സ്ത്രീകളുടെ ഇടയിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾ പുലർത്തേണ്ടത് പ്രായോഗികമായ നിലപാടുകളാണ്.

## ലൗജിഹാദും സ്ത്രീധനവും

കുടുംബബന്ധത്തിൽ സ്ത്രീപുരുഷബന്ധത്തെ എങ്ങനെ പുനർവ്യാഖ്യാനിക്കാം, പുനഃസംഘടിപ്പിക്കാം എന്ന ചിന്തയാണ് യഥാർഥത്തിൽ ഉയർന്നുവരേണ്ടത്. ഒരു വലിയ ഉത്തരവാദിത്വവും കടമയുമാണ് ഇക്കാര്യത്തിൽ സമൂഹത്തിനുള്ളത്. മതസംഘടനകളും രാഷ്ട്രീയപാർട്ടികളും സാമൂഹികസംഘടനകളും എല്ലാം സ്ത്രീധനത്തിനെതിരാണ്. പക്ഷേ സ്ത്രീധനമില്ലാതെ ഒരു വിവാഹം പോലും ഇന്ന് നടക്കുന്നില്ല. ലൗജിഹാദ് വിഷയം ഉയർന്നു വന്നപ്പോൾ അതിന് അനുകൂലമായും പ്രതികൂലമായും കൊടി പിടിക്കാൻ എല്ലാവരും ഉണ്ടായിരുന്നു. സ്ത്രീധനത്തിലോ സ്ത്രീധനപീഡനത്തിലോ അതുമൂലം സ്ത്രീജീവനുകൾ പൊലിയുന്നതിലോ ആരും ഒരു പ്രശ്നവും കാണുന്നില്ല. എന്തുകൊണ്ട് ഇങ്ങനെയൊരു കാമ്പയിൻ ആരും കൊണ്ടുവരുന്നില്ല? പ്രണയത്തിനെതിരെ കാമ്പയിൻ കൊണ്ടുവന്ന നാടാണ്. ആ നാട്ടിൽ സ്ത്രീയുടെ ഏറ്റവും വലിയ ആപത്ത് എന്നു പറയുന്നത് സ്ത്രീധനമാണ്. എന്തുകൊണ്ട് അതിനെതിരെ ശക്തമായ ഒരു കാമ്പയിൻ ആരും നടത്തുന്നില്ല? മറ്റ് പ്രശ്നങ്ങളിൽ കാണിക്കുന്ന വാശി സ്ത്രീധനനിരോധത്തിൽ എന്തുകൊണ്ട് ഉണ്ടാകുന്നില്ല? അപ്പോൾ സംഘടനകളുടെയെല്ലാം താത്പര്യം വേറെയാണ്. അത് രാഷ്ട്രീയമാകാം, മതപരമാകാം, വർഗീയമാകാം. പക്ഷേ അതിലൊന്നും സ്ത്രീയോ അവളുടെ പ്രശ്നങ്ങളോ കടന്നുവരുന്നില്ല.

## അധികാരത്തിലെ ആൺകോയ്മ

സമൂഹത്തിലാകട്ടെ കുടുംബത്തിലാകട്ടെ, ആൺകോയ്മ അടിമുതൽ മുടിവരെയാണിന്ന്. രാഷ്ട്രീയപാർട്ടികളുടെ കാര്യം പിന്നെ പറയേണ്ടതുമില്ല. സ്ത്രീപ്രാതിനിധ്യം പാർട്ടികളിൽ ഉണ്ടാവണം എന്ന തീരുമാനം സംഘടനകൾക്കൊന്നുംതന്നെ ഇല്ല. രാഷ്ട്രീയപാർട്ടികളിൽ സ്ത്രീപ്രാതിനിധ്യം കുറഞ്ഞതിനുത്തരവാദി സ്ത്രീയല്ല. അത് സംഭവിക്കുന്നത് ബോധപൂർവമാണ്. നിയമസഭയിൽ 141 അംഗങ്ങളിൽ ആകെ 7 സ്ത്രീകളാണുള്ളത്. കഴിഞ്ഞ നിയമസഭയിൽ 8 ശതമാനം സ്ത്രീപ്രാതിനിധ്യം ഉണ്ടായിരുന്നുവെങ്കിൽ ഇന്നത് 5 ശതമാനം പോലും ഇല്ല. അതിൽതന്നെ യു.ഡി.എഫിന് സ്ത്രീകളേ ഇല്ല. അതൊന്നും യാദൃച്ഛികമല്ല. ഇപ്പോൾ സംവരണം ഒക്കെ വരുന്നതുകൊണ്ട് നിവൃത്തിയില്ലാതെ സ്ത്രീയെ അംഗീകരിക്കുകയാണ്, അവസരം നൽകുകയാണ്. സ്ത്രീകൾ നിയമസഭയിലും പാർലമെന്റിലും വന്നുകഴിഞ്ഞാൽ അഴിമതിക്കുള്ള സാധ്യത വളരെക്കുറയും.

33ശതമാനം സംവരണം വന്നപ്പോൾ മുഖ്യധാരയിലേക്ക് വരാൻ വേണ്ടത്ര

സ്ത്രീകൾ ഇല്ലാത്ത അവസ്ഥ ഉണ്ടായിരുന്നു. എന്നാലും മുൻനിരയിൽ എത്തപ്പെട്ട വർ പിന്നീട് ശോഭിക്കുകയാണുണ്ടായത്. പഞ്ചായത്തു പ്രസിഡന്റുമാരായ സ്ത്രീകൾ കേവലം റബ്ബർസ്റ്റാമ്പുകളാണ് എന്നൊന്നും പറയുന്നത് ശരിയല്ല. രാഷ്ട്രീയ പാർട്ടി യുടെ തീരുമാനത്തിനപ്പുറം അവർ പോകില്ല എന്നത് ശരി. എങ്കിലും സ്ത്രീകൾ മുന്നോട്ടുവരാൻ തുടങ്ങുന്നത് നിലവിലെ അവസ്ഥക്ക് നല്ല മാറ്റമുണ്ടാക്കുന്നുണ്ട്. സ്ത്രീകൾ ഭരിക്കുന്ന പഞ്ചായത്തുകളിലെ അവസ്ഥ മുമ്പുണ്ടായിരുന്നതിനേക്കാൾ ഏറെ മെച്ചപ്പെട്ടിട്ടുണ്ട്. അവരുടെ ഇടപെടലുകളും പ്രവർത്തനങ്ങളും അത്രയേറെ ശക്തമാണ്. പല സ്ത്രീകളും സജീവമായി മുന്നോട്ടു വരാനും പൊതുകാര്യങ്ങ ളിലും സമൂഹകാര്യങ്ങളിലും ഇടപെടാനും തുടങ്ങി. പൊതുരംഗത്തേക്ക് സ്ത്രീകൾക്ക് പ്രവേശം കിട്ടി. വളരെ നിർണായകമായ തീരുമാനമെടുക്കേണ്ടിവരുന്ന സന്ദർഭങ്ങ ളിൽ പാർട്ടി നേതൃത്വത്തിന്റെ അനുമതിയില്ലാതെ അവർക്കതിനു കഴിയുകയില്ല എന്നത് യാഥാർഥ്യമാണ്. അതാണ് ഒരു വ്യക്തി എന്ന നിലക്ക് സ്വന്തമായ വ്യക്തി മുദ്ര പതിപ്പിക്കാൻ അവർക്ക് തടസ്സമാകുന്നത്.

## സാമൂഹിക പ്രശ്നങ്ങളിലെ ഇടപെടലുകൾ

പരിസ്ഥിതിപ്രശ്നങ്ങളുടെയും ജീവിക്കാൻ വേണ്ടിയുള്ള സമരങ്ങളുടെയും ഇക്കാലത്ത് സ്ത്രീകളുടെ ഇടയിൽ പ്രവർത്തിക്കുന്ന ആളുകളും സംഘടനകളും സ്ത്രീപ്രശ്നങ്ങളിൽ മാത്രം ഇടപെടുന്നവരായി മാറി നിൽക്കാൻ പാടില്ല. മൊത്തം സമൂഹത്തിന്റെ പ്രശ്നങ്ങൾ എന്തെല്ലാമെന്ന് മനസ്സിലാക്കുകയും അതിൽ പ്രതിക രിക്കുകയും വേണം. എല്ലാ പ്രശ്നങ്ങളിലും എല്ലാവർക്കും നേരിട്ടുപോയി ഇടപെ ടാൻ സാധിക്കാത്തതിനാൽ മാനസികമായ ഒരു പിന്തുണയെങ്കിലും നൽകണം. എന്നാലേ സമരങ്ങളെല്ലാം അന്തിമമായി വിജയിക്കുകയുള്ളൂ. ഈ കാഴ്ചപ്പാടില്ലെ ങ്കിൽ വർഗീയശക്തികളുമായോ സാമ്രാജ്യത്വശക്തികളുമായോ സമരങ്ങൾ കൂട്ടുചേ രുന്ന അവസ്ഥ വരും. മായാവതി ദലിതർക്കുവേണ്ടി സമരം ചെയ്തു. അവസാനം ബി.ജെ.പിയുമായി കൂട്ടുപിടിച്ചു. ഇനി എങ്ങനെയാണ് ദലിത്‌രാഷ്ട്രീയത്തിന്റെ പ്രതി നിധിയായി നമുക്ക് അവരെ കാണാൻ കഴിയുക? ഓരോ ജനവിഭാഗവും അവരുടെ പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ പൊതുപ്രശ്നവുമായി അവയെ കണ്ണിചേർക്കേണ്ട തുണ്ട്.

ചെങ്ങറ, മുത്തങ്ങ, പ്ലാച്ചിമട സമരങ്ങളുടെ നേതൃസ്ഥാനത്ത് സ്ത്രീകളുണ്ട്. പക്ഷേ തീരുമാനങ്ങൾ എടുക്കുന്നതും നയംരൂപീകരിക്കുന്നതുമെല്ലാം ആരാണ് എന്ന താണ് പ്രശ്നം. സ്ത്രീകളുണ്ടെങ്കിൽ ഏത് സമരവും വിജയിക്കും. അതുകൊണ്ടു തന്നെ സ്ത്രീകൾ ഒരു സമരത്തിന്റെ മുൻനിരയിൽ നിൽക്കാനുള്ളവർ മാത്രമായി ഒതുങ്ങരുത്. ആ സമരം എങ്ങോട്ട്, ഏത് രീതിയിൽ നീങ്ങണം എന്നെല്ലാം തീരുമാ നമെടുക്കാനുള്ള അധികാരവും അവർക്ക് തന്നെ ആയിരിക്കണം. അതിനുള്ള അനു വാദത്തിനായി കാത്തുനിൽക്കുകയല്ല, ആ അവകാശം സ്വയം എടുക്കുകയാണ് വേണ്ട ത്. അവകാശബോധം എന്നത് സ്ത്രീക്കും പുരുഷനും ഒന്നാണ്. കേരളം യഥാർഥ ത്തിൽ കോളനിവത്കരിക്കപ്പെട്ടു കഴിഞ്ഞു. നമ്മുടെ ഉത്പാദനമേഖല മൊത്തം മുര ടിച്ചു കിടക്കുകയാണ്. ടൂറിസമാണ് വികസിക്കുന്നത്. ഇന്ന് കേരളത്തിന്റെ സമ്പദ്‌വ്യ വസ്ഥ ഗൾഫ് പണത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. നമ്മുടെ അടിസ്ഥാന വ്യവസായമായ കൃഷി ഇന്ന് ഏറക്കുറെ നശിച്ചുകഴിഞ്ഞു. അതൊന്നുമല്ല പ്രശ്നം. ടൂറിസം എന്ന പേരിൽ നടപ്പിലാക്കപ്പെടുന്നത് സെക്സ് ടൂറിസമാണ്. ടൂറിസം വ്യവ സായം എങ്ങനെയാണ് സ്ത്രീകളുടെ ജീവിതത്തെ ബാധിക്കുന്നത് എന്ന് ചോദി ച്ചാൽ, നമുക്ക് സെക്സ് റാക്കറ്റുകളുമായും മാഫിയാവത്കരണവുമായി ബന്ധപ്പെടു

ത്താൻ പറ്റും. ദലിതരുടെ ഭൂപ്രശ്നം, ആദിവാസികളുടെ പ്രശ്നം ഇന്നും പരിഹരിക്കപ്പെടാതെ കിടക്കുന്ന സങ്കടങ്ങളാണ്. തീർച്ചയായിട്ടും അത് ശക്തമായി മുന്നോട്ട് കൊണ്ടുവരേണ്ട പ്രശ്നങ്ങൾ തന്നെയാണ്. അതോടൊപ്പം തന്നെ ഈ സമരങ്ങളെ വർഗസമരങ്ങളുമായും ബന്ധപ്പെടുത്തേണ്ടതുണ്ട്.

ജാതിവ്യവസ്ഥക്കെതിരെ ഒരുപാട് സമരങ്ങൾ ഇവിടെ നടന്നിട്ടുണ്ട്, നടക്കുന്നുമുണ്ട്. മുതലാളിത്ത വ്യവസ്ഥിതിക്കെതിരെയോ സാമ്രാജ്യത്വ വ്യവസ്ഥിതിക്കെതിരെയോ ആരും സമരം സംഘടിപ്പിക്കുന്നില്ല. ജാതീയതക്കെതിരെയുള്ള സമരം നടക്കുമ്പോൾ സാമ്രാജ്യത്വം അതിനെ കൂട്ടുപിടിക്കും. അല്ലെങ്കിൽ വർഗീയത അതിൽ കൂട്ടുപിടിക്കും. ഗുജറാത്തിൽ ആദിവാസികളെ കൂട്ടുപിടിച്ചാണ് മുസ്‌ലിംകൾക്കെതിരെയുള്ള വംശഹത്യ നടത്തിയത്. സമൂഹത്തിലെ ലിംഗപരവും ജാതീയവും മതപരവുമായ അസമത്വത്തിന്റെ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുമ്പോൾ സമൂഹത്തിന്റെ മൊത്തം പ്രശ്നമായ സാമ്രാജ്യത്വം, ആഗോളവത്കരണം, സ്വകാര്യവത്കരണം, ഉദാരവത്കരണം എന്നിവ കൊണ്ടുണ്ടാകുന്ന ഒരുപാട് സാമൂഹിക സാംസ്കാരിക പ്രത്യാഘാതങ്ങൾ നാം അറിയാതെ പോകുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങളുമായി നമ്മുടെ സമരങ്ങളെ കണ്ണിചേർക്കേണ്ടത് ആവശ്യമാണെന്ന് അംഗീകരിക്കുന്ന ജാതിസംഘടനകൾ ഉയർന്നുവരേണ്ടതുണ്ട്. ജാതീയതക്കെതിരായ സമരത്തിൽ അംബേദ്കറുടെയും ശ്രീനാരായണഗുരുവിന്റെയും പ്രത്യയശാസ്ത്രങ്ങളെ നമ്മൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

## വസ്ത്രവും സ്വാതന്ത്ര്യവും

സ്ത്രീകൾ പൊട്ടുതൊടുന്നതും വിവാഹിതയാണെന്ന് വ്യക്തമാക്കാൻ നെറുകയിൽ സിന്ദൂരം തൊടുന്നതുമെല്ലാം സവർണമേധാവിത്വത്തിന്റെ സ്വാധീനംകൊണ്ടു തന്നെയാണ്. എന്നാൽ കന്യാസ്ത്രീകൾ മതകീയ വേഷം ധരിക്കുന്നതിൽ ആരും തെറ്റുകാണുന്നില്ല. അവർ മതത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ആളുകളാണ് എന്നതാകാം അതിനുകാരണം. ഇന്ന് കേരളത്തിലെ മുസ്‌ലിംകൾക്കിടയിൽ പർദാസംസ്കാരം വളരെയധികം വർധിച്ചിട്ടുണ്ട്. പർദ സ്ത്രീകൾക്ക് സ്വാതന്ത്ര്യം നൽകുന്നുവെന്നാണ് അതിനവർ പറയുന്ന ന്യായം. സ്വന്തം ശരീരം മൂടിവെച്ചാൽ സ്വാതന്ത്ര്യം കിട്ടുന്നുവെന്നത് ഒരു മിഥ്യാബോധമാണ്. ഞാൻ പർദയെ കാണുന്നത് ഒരു ആരോഗ്യകരമായ വേഷമായിട്ടല്ല. അവയവങ്ങൾ പ്രദർശിപ്പിക്കാത്ത തരത്തിൽ മാന്യമായ വസ്ത്രമാണ് ഓരോ സ്ത്രീയും ധരിക്കേണ്ടത്. മാർക്കറ്റിംഗ് തന്ത്രങ്ങളും ഗൾഫ്സ്വാധീനവും പർദയുടെ വൻ പ്രചാരത്തിന് കാരണമായിട്ടുണ്ടാകാം. എന്നാലും നിലവിലെ പരിതസ്ഥിതിയിൽ ഇസ്‌ലാമോഫോബിയ സമൂഹത്തിൽ വളരാൻ പർദ കാരണമാകുന്നു. കുറേ പർദ ധരിച്ച ആളുകളുടെ ഇടയിൽ ചെന്നാൽ എനിക്കു പോലും ഒരു അസ്വസ്ഥതയനുഭവപ്പെടാറുണ്ട്.

കേരളത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങളെ ശരിയായി വിലയിരുത്തിയാൽ അറിയാം അവർ അനുഭവിക്കുന്ന സങ്കടങ്ങൾ എത്ര വലുതാണെന്ന്. സ്ത്രീധന സമ്പ്രദായത്തിനെതിരെ ശക്തമായി നമ്മൾ മുന്നോട്ടു പോകേണ്ടതുണ്ട്. മറ്റൊന്ന്, മദ്യത്തിന്റെ സ്വാധീനമാണ്. സ്ത്രീകൾ മദ്യപിക്കുന്നതുകൊണ്ടല്ല അവരുടെ ജീവിതം ദുസ്സഹമാകുന്നത്. ഗാർഹിക പീഡനത്തിൽ പ്രധാനപ്രശ്നം പുരുഷന്റെ മദ്യപാനാസക്തിയാണ്. ഈ രണ്ട് പ്രശ്നങ്ങളും വളരെ ഗൗരവത്തിൽ സ്ത്രീസമൂഹം ചർച്ചക്കെടുക്കേണ്ടതുണ്ട്. മതജാതിവ്യത്യാസമില്ലാതെ സ്ത്രീകളുടെ ഒരു കൂട്ടായ്മ ഇതിനെതിരെ ഉയർന്നുവരേണ്ടതുണ്ട്.

അതിനു കഴിയുക ഞങ്ങളെ പോലുള്ള സ്വതന്ത്ര്യ സ്ത്രീസംഘടനകൾക്കല്ല.

കാരണം, ഞങ്ങൾക്ക് സംഘടിപ്പിക്കാൻ കഴിയുന്നതിന്റെ നൂറുമടങ്ങ് മതസംഘടനകൾ വിളിച്ചാൽ വരാൻ തയാറാണ്. മതജാതിചിന്തകളെല്ലാം മാറ്റിവെച്ച്, അതെല്ലാം ഒരോരുത്തരുടെ വ്യക്തിപരമായ കാര്യങ്ങളാക്കി, സമൂഹത്തിനുവേണ്ടി, സ്ത്രീകൾക്കുവേണ്ടി ഒരു കൂട്ടായ്മ. പ്രശ്നങ്ങളുടെ തലം കണ്ടെത്തി, ആ തലത്തിൽനിന്ന് യോജിച്ച് പ്രവർത്തിക്കാൻ മതസംഘടനകൾ തയാറാവണം. ഈ അർഥത്തിലുള്ള സ്ത്രീകളുടെ ഒരു കൂട്ടായ്മക്കേ ഇനി സമൂഹത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ കഴിയൂ. ഇതിൽ കക്ഷിരാഷ്ട്രീയ താൽപര്യങ്ങൾ ഇല്ലാതിരിക്കണം. വർഗീയചിന്തകൾ മാറ്റിവെച്ച് മാനുഷികതലത്തിലേക്കുയരുന്ന സ്ത്രീകൂട്ടായ്മ; അതാണ് ഇനി ആവശ്യം. അങ്ങനെയാണെങ്കിൽ മാത്രമേ നമ്മൾ വിജയിക്കൂ. ■